ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# വഖ്ഫിന്റെ മഹത്വം

عَن ابْن عُمَر رَضِي اللهُ عَنْهُمَا قَالَ أَصَابَ عمرُ بنُ الخطَّابِ أَرْضًا بخيبرَ فَأْتى النَّبيَّ صلَّى اللهُ عَلَيهِ وَسَلَّمَ
فَاسْتأمرَه فَقَالَ يَا رَسُولَ اللَّهِ إِنِّي أَصبتُ مالًا بِخَيْبَرَ لَم أَصِبْ مالًا قطُّ هُوَ أنفَسُ عِنْدِي مِنْهُ فَمَا تَأْمُرْنِي
بِهِ فَقَالَ إِنْ شِئتَ حَبَستَ أَصْلَهَا وتصدَّقتَ بِهَا قَالَ فَعَمِلَ بِهَا عمرُ عَلَى أَنْ لَا يبَاعَ أَصْلُهَا وَلَا يوهَبَ
وَلَا يورَثَ تَصَدَّقَ بِهَا لِلْفُقَرَاءِ وَفِي الْقُرْبَى وَفِي الرِّقَابِ وَفِي سَبِيلِ اللَّهِ وَابْنِ السَّبِيلِ وَالضَّيفِ لَا جُنَاحَ
عَلَى مَنْ وَلِيَهَا أَنْ يَأْكُلَهَا بِالْمَعْرُوفِ أَوْ يُطْعِمَ صَدِيقًا غَيرَ مُتَموِّلٍ (البخاري، ومسلم)

**അബ്ദുല്ലാഹിബ്നു ഉമർ (റ) പറയുന്നു: ഉമറി(റ)ന് ഖൈബറിൽ ഭൂമി ലഭിച്ചപ്പോൾ നബി(സ)യുടെ അടുത്ത് വന്ന് ചോദിച്ചു: 'എനിക്കിന്നു വരെ ലഭിക്കാത്ത വളരെ വിലപ്പെട്ട സമ്പത്ത് ലഭിച്ചിരിക്കുന്നു. ഞാനത് എന്ത് ചെയ്യണം?' റസൂൽ (സ) പറഞ്ഞു: 'താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ അതിന്റെ അടിസ്ഥാന ഭൂമി നിലനിർത്തിക്കൊണ്ടു തന്നെ അതിലെ ആദായങ്ങൾ ദാനം നൽകാം.' അങ്ങനെ ഉമർ (റ) അതിന്റെ അടിസ്ഥാന നിലം വിൽക്കുകയോ ദാനം നൽകുകയോ അനന്തരമെടുക്കുകയോ ചെയ്യാത്ത രീതിയിൽ നിലനിർത്തി. അതിലെ വിഭവങ്ങൾ ദരിദ്രർക്കും അടുത്ത കുടുംബങ്ങൾക്കും അടിമ മോചനത്തിനും അല്ലാഹുവിന്റെ മാർഗത്തിലും അതിഥികൾക്കും യാത്രക്കാർക്കും ദാനം നൽകി. അത് ഏറ്റെടുക്കുന്നവർക്ക് അതിലുള്ളവ ന്യായമായ രീതിയിൽ ആഹരിക്കുന്നതിനോ കൂട്ടുകാരെ ആഹരിപ്പിക്കുന്നതിനോ തെറ്റില്ല. അതിനെ ഇതര സാമ്പത്തിക നേട്ടത്തിന് ഉപയോഗിക്കരുതെന്ന് മാത്രം (ബുഖാരി, മുസ്‌ലിം).**

വഖ്ഫ് വിഷയമായ ഒരു ഹദീസാണിത്. ഇതിനെ വിശദീകരിച്ച് ഇബ്നു ഹജറുൽ അസ്ഖലാനി എഴുതി: 'വഖ്ഫ് ദീനിലെ നിയമമാണെന്നതിനുള്ള അടിസ്ഥാന പ്രമാണമാണിത്.' ഇമാം നവവി എഴുതി: 'വഖ്ഫ് ചെയ്യൽ പുണ്യമാണെന്നതിനുള്ള തെളിവാണ് ഈ ഹദീസ്. ജാഹിലിയ്യ കാലത്തെ ചീത്ത ആചാരങ്ങൾക്ക് വിരുദ്ധമാണിത്.'

മൂലധനം നിലനിർത്തി അതിൽനിന്നുള്ള ആദായങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെയാണ് വഖ്ഫ് എന്നു പറയുക. നബി (സ) സ്വദഖതുൻ ജാരിയ (നിലനിൽക്കുന്ന ദാനം) എന്നും ഇതിനെ വിശേഷിപ്പിച്ചു.

റസൂൽ(സ) അരുളി: 'മനുഷ്യൻ മരണപ്പെട്ടാൽ മൂന്നു കാര്യങ്ങളല്ലാത്ത അവന്റെ എല്ലാ പ്രവർത്തനങ്ങളും അറ്റുപോകും. മുറിഞ്ഞുപോകാത്ത ദാനം, ഉപകാരപ്രദമായ അറിവ്, തനിക്കു വേണ്ടി പ്രാർഥിക്കുന്ന സൽ സന്താനം' (മുസ്‌ലിം).

ഇമാം നവവി എഴുതി: 'വഖ്ഫിന്റെ സാധുതക്കും അതിനുള്ള മഹത്തായ പ്രതിഫലത്തിനും സാക്ഷ്യമാണ് ഈ പ്രവാചകവചനം.'

ഇബ്നു ഖുദാമ (റ) പറയുന്നു: ജാബിർ (റ) പറഞ്ഞു: 'പ്രവാചകന്റെ അനുയായികളിൽ വഖ്ഫ് ചെയ്യാൻ കഴിവുള്ളവരെല്ലാം വഖ്ഫ് ചെയ്തിരുന്നു. ഇതവരുടെ യോജിച്ച തീരുമാനമായിരുന്നു' (*ശറഹുന്നവവി*).

ഏറ്റവും ആദ്യത്തെ വഖ്ഫ് നബി(സ)യെ അത്യധികം സ്നേഹിച്ച മുഖൈരീഖ് എന്ന ജൂതന്റേതാണെന്ന് ചരിത്രഗ്രന്ഥങ്ങളിൽ കാണാം. മദീനയിലെ തന്റെ ഏഴ് തോട്ടങ്ങളാണ് അദ്ദേഹം വഖ്ഫ് നൽകിയത്. ജൂതനായിരിക്കെ അദ്ദേഹം ഉഹുദ് യുദ്ധത്തിൽ മുസ്‌ലിം സൈന്യത്തിൽ ചേർന്ന് ശത്രുക്കൾക്കെതിരെ പോരാടുകയും ചെയ്തിരുന്നു. കൊല്ലപ്പെടുകയാണെങ്കിൽ തന്റെ സമ്പത്ത് മുഴുവൻ പ്രിയ സ്നേഹിതൻ മുഹമ്മദിന് നൽകണമെന്ന്

**വിശ്വാസികളുടെ ഖബ്‌റിടങ്ങളിലേക്കും പ്രതിഫലം ഒഴുക്കുന്ന മഹാപുണ്യമായ വഖ്ഫിനെ പുതിയ കാലത്തെ മുസ്‌ലിംകൾ അത്ര ഗൗരവത്തിൽ എടുത്തിട്ടുണ്ടോ എന്ന് സംശയമാണ്. വഖ്ഫിനെ കുറിച്ചുള്ള ചർച്ചകൾക്കിടയിൽ അതിനെ പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകതയും മുസ്‌ലിം സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.**

മുഖൈരീഖ് വസ്വിയ്യത്ത് ചെയ്യുകയുണ്ടായി. ഉഹുദ് ദിവസം അദ്ദേഹം കൊല്ലപ്പെടുകയും നബി (സ) അദ്ദേഹത്തിന്റെ ഏഴ് തോട്ടങ്ങൾ വഖ്ഫ് സ്വത്തായി സ്വീകരിക്കുകയും ചെയ്തു (*സീറതു ഇബ്നു ഹിശാം*).

പള്ളികൾക്ക് വേണ്ടി ഭൂമി വഖ്ഫ് ചെയ്യുന്ന രീതി നബി (സ)യുടെ കാലം മുതൽ തന്നെ ഉണ്ടായിരുന്നു.

അനസ് (റ) പറഞ്ഞു: നബി (സ) മദീനയിൽ വന്നു. പള്ളി നിർമാണത്തിനായി ഉത്തരവിട്ടു. റസൂൽ പറഞ്ഞു: 'നജ്ജാർ ഗോത്രക്കാരേ, നിങ്ങളുടെ തോട്ടം എനിക്ക് വില യ്ക്കു തരിക' അപ്പോൾ അവർ പറഞ്ഞു: 'അതിന്റെ വില ഞങ്ങൾ അല്ലാഹുവിൽനിന്നല്ലാതെ വാങ്ങുകയില്ല' (ബുഖാരി, മുസ്‌ലിം).

സമൂഹത്തിലെ ദരിദ്രർക്കു വേണ്ടിയും വഖ്ഫ് ചെയ്യാവുന്നതാണ്.

അംറുബ്നുൽ ഹാരിസ് (റ) പറയുന്നു: നബി (സ) മരണപ്പെടുമ്പോൾ ദിർഹമോ ദീനാറോ അടിമകളെയോ ബാക്കിവെച്ചിട്ടുണ്ടായിരുന്നില്ല. ഒരു വെളുത്ത കോവർ കഴുതയും യുദ്ധോപകരണവും ദാനമായി മാറ്റിവെച്ച ഭൂമിയും മാത്രമാണ് അവശേഷിപ്പിച്ചത് (ബുഖാരി). ഈ ഹദീസിനെ വിശദീകരിച്ച് ഇബ്നു ഹജറുൽ അസ്ഖലാനി (റ) എഴുതി: 'നബി (സ) ഇവിടെ ഭൂമിയുടെ പ്രയോജനമാണ് ദാനം ചെയ്തത്. അതിന്റെ വിധി വഖ്ഫിന്റേതു തന്നെയാണ്' (*ഫത്ഹുൽ ബാരി*).

കുതിര പോലെയുള്ള മൃഗങ്ങളെയും വഖ്ഫ് ചെയ്യാം. റസൂൽ (സ) പറഞ്ഞു: 'വിശ്വാസത്തോടെ, പ്രതിഫലം ആഗ്രഹിച്ച് ആരെങ്കിലും ഒരു കുതിരയെ അല്ലാഹുവിന്റെ മാർഗത്തിലേക്ക് നീക്കിവെച്ചാൽ അതിന്റെ തീറ്റയും കുടിയും കാഷ്ഠവും മൂത്രവും അന്ത്യദിനത്തിൽ നന്മകളുടെ തുലാസിൽ ചേർക്കപ്പെടും' (ബുഖാരി). പൊതു ജനങ്ങൾക്ക് കിണർ കുഴിച്ചു നൽകുന്നതും ഇത്തരം ദാനത്തിൽ ഉൾപ്പെടുമെന്നാണ് നബി(സ)യുടെ അധ്യാപനം. ഒരിക്കൽ സഅ്ദു ബ്നു ഉബാദ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, സഅ്ദിന്റെ ഉമ്മ മരിച്ചു. ഏതു ദാനമാണ് ശ്രേഷ്ഠമായത്?' റസൂൽ പറഞ്ഞു: 'വെള്ളം.' അങ്ങനെ ഒരു കിണർ കുഴിച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു: 'ഇത് സഅ്ദിന്റെ ഉമ്മക്കുള്ളതാണ്' (അബൂദാവൂദ്, അന്നസാഈ).

സ്വന്തം കുടുംബങ്ങൾക്കു വേണ്ടിയും വഖ്ഫ് നൽകാമെന്ന് ഹദീസിൽ കാണാം. ആഇശ (റ) പറയുന്നു: 'അല്ലാഹുവിന്റെ റസൂൽ മദീനയിലെ ഏഴു തോട്ടങ്ങൾ അബ്ദുൽ മുത്ത്വലിബിന്റെയും ഹാശിമിന്റെയും കുടുംബങ്ങൾക്കായി മാറ്റിവെച്ചു' (ബൈഹഖി).

അനസ് (റ) പറയുന്നു: മദീനയിൽ ധാരാളം ഈത്തപ്പനകളുള്ള വലിയ പണക്കാരനായിരുന്നു അബൂത്വൽഹ (റ). മദീനാ പള്ളിയുടെ മുന്നിലുള്ള ബൈറുഹാ ആയിരുന്നു അദ്ദേഹത്തിന് ഏറെ ഇഷ്ടപ്പെട്ട ധനം. അല്ലാഹുവിന്റെ റസൂൽ അവിടെ വന്ന് ശുദ്ധമായ വെള്ളം കുടിക്കാറുണ്ടായിരുന്നു. *ആലു ഇംറാനി*ലെ 'ഏറെ പ്രിയപ്പെട്ടവയിൽനിന്ന് ചെലവഴിക്കാതെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല' എന്ന വാക്യം അവതരിപ്പിച്ചപ്പോൾ അബൂത്വൽഹ നബി(സ)യുടെ അടുത്ത് വന്ന് പറഞ്ഞു: ''അല്ലാഹുവിന്റെ റസൂലേ, തീർച്ചയായും അല്ലാഹു ഇപ്രകാരം പറയുന്നുണ്ടല്ലോ; 'ഏറെ പ്രിയപ്പെട്ടവയിൽനിന്ന് ചെലവഴിക്കാതെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല.' എനിക്കേറ്റവും ഇഷ്ടപ്പെട്ട സമ്പത്ത് ബൈറുഹാ ആണ്. അത് അല്ലാഹുവിനുള്ള ദാനമാണ്. അതിന്റെ പുണ്യം നേടാനും അതിനെ അല്ലാഹുവിന്റെ അടുക്കൽ എനിക്കൊരു സൂക്ഷിപ്പുസ്വത്താക്കാനും ഞാനാഗ്രഹിക്കുന്നു. അല്ലാഹു താങ്കളോട് പറയുന്ന ഒരിടത്ത് അത് വെക്കുമല്ലോ.''

അപ്പോൾ അല്ലാഹുവിന്റെ ദൂതർ പറഞ്ഞു: 'ഓ! വളരെ സന്തോഷം! അത് ധാരാളം ലാഭം നൽകുന്ന സ്വത്താണ്. അത് ധാരാളം ലാഭം നൽകുന്ന സ്വത്താണ്. താങ്കൾ പറഞ്ഞത് ഞാൻ കേട്ടു. താങ്കളുടെ കുടുംബക്കാർക്കത് നൽകണമെന്നാണ് എന്റെ അഭിപ്രായം.' അബൂത്വൽഹ (റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞാനപ്രകാരം ചെയ്യാം.'

അബൂത്വൽഹ അത് തന്റെ കുടുംബക്കാർക്കും പിതൃവ്യന്റെ മക്കൾക്കുമായി ഭാഗിച്ചു (ബുഖാരി, മുസ്‌ലിം).

വിശ്വാസികളുടെ ഖബ്‌റിടങ്ങളിലേക്കും പ്രതിഫലം ഒഴുക്കുന്ന മഹാപുണ്യമായ വഖ്ഫിനെ പുതിയ കാലത്തെ മുസ്‌ലിംകൾ അത്ര ഗൗരവത്തിൽ എടുത്തിട്ടുണ്ടോ എന്ന് സംശയമാണ്. വഖ്ഫിനെ കുറിച്ചുള്ള ചർച്ചകൾക്കിടയിൽ അതിനെ പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകതയും മുസ്‌ലിം സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ●


## URGENTLY WANTED

എടയൂർ ഐ.ആർ.എച്ച്.എസ്.എസിൽ പുതുതായി ആരംഭിക്കുന്ന സ്കൂൾ ഓഫ് ഖുർആൻ സ്ഥാപനത്തിലേക്ക് പരിചയസമ്പന്നനായ അധ്യാപകനെ ആവശ്യമുണ്ട്.

**Attractive Salary**

Rush your CV to **principal@irhss.com** within two days

Contact: **8593000451**